മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരെയുള്ള വിഷയങ്ങളിൽ ചർച്ച, സിംപോസിയം തുടങ്ങിയവ നടത്തി. ഒറീസയിലെ പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിന് ധനം, മരുന്ന്, വസ്ത്രം ഇവ സമാഹരിച്ചു നൽകി. വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായവരെക്കൊണ്ട് സെമിനാറുകളും ചർച്ചാ ക്ലാസുകളും നടത്തി.

(ഡി) ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് അലോട്ട്മെന്റിൽ ഇതിനായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല.

(ഇ) കല, സംസ്കാരം, ചിത്രരചന തുടങ്ങിയ വിവിധ മേഖലകളിൽ നടത്തിയ പരിപാടികൾ ശ്രദ്ധേയങ്ങളായിരുന്നു. കലാ സാംസ്കാരിക രംഗത്ത് ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കുക എന്ന ലക്ഷ്യം കൈവരിച്ചു. പുസ്തക പ്രകാശനവും പ്രദർശനവും വിൽപ്പനയും വിവിധ പരിപാടികൾ ഉൾപ്പെടുത്തി കൊണ്ടുള്ള കലോൽസവങ്ങൾ, സംഗീത നൃത്തപരിപാടികൾ ജനകീയ ചലച്ചിത്ര പ്രദർശനങ്ങൾ, നാടകോൽസവങ്ങൾ, ചിത്രരചന, സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശിൽപ്പശാലകൾ, വികസനപ്രവർത്തനങ്ങൾ ജീവകാരുണ്യപ്രവർത്തനങ്ങൾ കലകൾ, എന്നീ മേഖലകളിൽ വൈവിദ്ധ്യമാർന്ന പരിപാടികളും അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യക്ഷേമ ദുരിതാശ്വാസ പദ്ധതികൾക്കുള്ള തുക

6 (*127) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. യു. എസ്. ശശി :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യക്ഷേമ ദുരിതാശ്വാസ പദ്ധതികൾക്കായി എന്തു തുക ചെലവഴിച്ചു ;

(ബി) ഓരോ ഇനത്തിനും എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ജില്ലയിലും എന്തുമാത്രം തുക ഏതെല്ലാം ഇനങ്ങളിലായി വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ)

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മന്ദബുദ്ധികളായിട്ടുള്ളവർക്കും അംഗവൈകല്യമുള്ളവർക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതിയിനത്തിൽ 65.43 (അറുപത്തി അഞ്ച് ദശാംശം നാല് മൂന്ന്) കോടി രൂപയും അഗതി/വിധവാ പെൻഷൻ പദ്ധതിയിനത്തിൽ 100.03 (നൂറ് ദശാംശം പൂജ്യം മൂന്ന്) കോടി രൂപയും ദേശീയ വാർദ്ധക്യകാല പെൻഷൻ (സംസ്ഥാന വിഹിതം) ഇനത്തിൽ 11.75 (പതിനൊന്ന് ദശാംശം ഏഴ് അഞ്ച്) കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയും വിധവകളുടെ പെൺകുട്ടികൾക്ക് വിവാഹധനസഹായം ഇനത്തിൽ 6.98 (ആറ് ദശാംശം ഒൻപത് എട്ട്) കോടി രൂപയും കൂടി ആകെ 184.19 (നൂറ്റി എൺപത്തി നാല് ദശാംശം ഒന്ന് ഒൻപത്) കോടി രൂപ ചെലവഴിച്ചു.

(ബി) അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതിയിൽ 1,30,026 (ഒരു ലക്ഷത്തി മുപ്പതിനായിരത്തി ഇരുപത്താറ്) ഗുണഭോക്താക്കൾക്കും അഗതി/വിധവാ പെൻഷൻ പദ്ധതിയിൽ 1,87,318 (ഒരു ലക്ഷത്തി എൺപത്തേഴായിരത്തി മുന്നൂറ്റി പതിനെട്ട്) ഗുണഭോക്താക്കൾക്കും വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ 1,33,724 (ഒരു ലക്ഷത്തി മുപ്പത്തിമൂവായിരത്തി എഴുനൂറ്റി ഇരുപത്തിനാല്) ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരുന്നു.

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ജില്ലയിലും വിതരണം ചെയ്ത തുക ഇനം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നം	ജില്ല	അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കും പ്രത്യേക പെൻഷൻ	അഗതി/ വിധവാ പെൻഷൻ	ദേശീയ വാർദ്ധക്യകാല പെൻഷൻ പെൻഷൻ വിഹിതം സംസ്ഥാനം	വിധവകളുടെ പെൺകുട്ടികൾക്ക് വിവാഹധനസഹായം
(1)	(2)	(3)	(4)	(5)	(6)
			(തുക ലക്ഷത്തിൽ)		
1	തിരുവനന്തപുരം	803.42	1,273.82	87.47	
2	കൊല്ലം	629.06	998.22	136.49	
3	പത്തനംതിട്ട	265.31	296.72	27.31	
4	ആലപ്പുഴ	588.80	747.37	64.10	
5	കോട്ടയം	335.60	415.63	99.70	ജില്ല തിരിച്ചുള്ള
6	ഇടുക്കി	131.39	133.58	35.36	തുക ലഭ്യമല്ല
7	എറണാകുളം	537.15	815.20	153.45	
8	തൃശൂർ	567.63	698.92	126.45	
9	പാലക്കാട്	513.73	981.70	94.78	
10	മലപ്പുറം	634.67	1,200.10	145.14	
11	കോഴിക്കോട്	796.70	1,326.55	81.71	
12	വയനാട്	117.26	167.25	10.20	
13	കണ്ണൂർ	429.54	631.55	66.01	
14	കാസർഗോഡ്	192.93	416.22	46.01	
	ആകെ	6,543.19	10,003.13	1,175.19	698.00

LIBRARY ARCHIVES Kerala Legislative Assembly